"ഭരണഭാഷ -മാതൃഭാഷ"

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ഷീബാ ജോർജ്ജ് IAS)

ഉത്തരവ് നം.WEC/2/11416/18 തീയതി: 20..6..2018

================================ ====================

വിഷയം :വനിത ശിശുവികസന വകുപ്പ് - വിധവ ദിനാചരണം 2018 - ജില്ലാതല ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിന് ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :1)GO(Rt) No.317/2018/SJD തിരുവനന്തപുരം തീയതി: 25..5..2018.
:2)ഈ കാര്യാലയത്തിലെ 12/6/18 ലെ WCD/E5/11509/18 നമ്പർ ഉത്തരവ്.

ജൂൺ 23 അന്താരാഷ്ട്ര വിധവാ ദിനമായി ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുണ്ട്. രാജ്യത്ത് വിധവകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നതായി വിവിധ പഠനങ്ങൾ തെളിയിക്കുന്നു. കേരളത്തിൽ ഇത്തരം സ്ത്രീകളുടെ സാമൂഹ്യ പുരോഗതിക്ക് വേണ്ടി വിപ്ലവകരമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതിന്റെ ഭാഗമായി സൂചന (i) പ്രകാരം ജില്ലാതലത്തിൽ ജില്ലാതല വിധവാ സെൽ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വിധവകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഹെൽപ്പ് ഡെസ്ക് കൂടിയാണ് ജില്ലാതല വിധവാ സെൽ.

സംസ്ഥാനത്ത് ജില്ലാതല വിധവാ സെൽ രൂപീകരിച്ച് ഉത്തരവായ സാഹചര്യത്തിൽ 2018 ലെ അന്താരാഷ്ട്ര വിധവാ ദിനത്തോടനുബന്ധിച്ച് ജൂൺ 23 ന് ജില്ലാതലത്തിൽ വിവിധ വിധവസംഘനാപ്രതിനിധികൾ, വനിത സംഘടന പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് ഒരു ജില്ലാ പ്രോഗ്രാം ഓഫീസർക്ക് 7500/- രൂപ ക്രമത്തിൽ 14 ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കായി 14 X 7500 = 1,05,000/- (ഒരു ലക്ഷത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക ചുവടെ ചേർത്തിട്ടുള്ള ബഡ്ജറ്റ് പ്രകാരം ചെലവഴിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | സ്റ്റേഷനറി | 50x20 | 1000 |
| 2 | ഭക്ഷണം | 50X80 | 4000 |
| 3 | ഹോണറേറിയം | - | 500 |
| 4 | ഡോക്യുമെന്റേഷൻ, ബാനർ ഉൾപ്പെടെ മറ്റു ചെലവുകൾ | - | 2000 |
| | ആകെ | | 7500 |

14 ജില്ലകളിൽ പ്രോഗ്രാം നടത്തുന്നതിനുള്ള ആകെ ചെലവ് 14 x7500 = 105000

പ്രോഗ്രാം സംഘടിപ്പിക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഹാളുകൾ അല്ലെങ്കിൽ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും സൗജന്യമായി ലഭിക്കുവാൻ സാധ്യതയുള്ള ഹാളുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

സൂചന (2) പ്രകാരം സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള നിർവ്വഹണ ഉദ്യോഗസ്ഥയായി ജില്ലാ പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആകയാൽ ജില്ലാതല വിധവ ദിനാചരണം നടത്തുന്നതിന് ജില്ലാ പ്രോഗ്രം ഓഫീസർമാർക്കായി അനുവദിച്ച് നൽകിയിട്ടുള്ള തുക വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് മാറി നൽകേണ്ടതാണ്.

വനിത പ്രൊട്ടക്ഷൻ ഓഫീസർമാർ തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ, സ്റ്റേറ്റ്മെന്റ്, ഡോക്യുമെന്റേഷൻ എന്നിവ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ഇവ ബില്ലിനൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ജില്ലാ പ്രോഗ്രാം ഓഫീസർമാർ 30/6/2018 ന് മുമ്പ് വനിത ശിശുവികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിലേക്കാവശ്യമായ 1,05,000/- (ഒരു ലക്ഷത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68(03) എന്ന് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഉത്തരവാകുന്നു.

ഒപ്പ്
**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

<u>പകർപ്പ്:</u>
1. സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിലേയ്ക്കായി)
2. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്